**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1368** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് - 19**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | കോവിഡ് - 19 രോഗവ്യാപനം തടയുന്നതിനും പ്രതിരോധപ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി എം.എൽ.എ.മാരുടെ ആസ്തിവികസനഫണ്ട് പ്രയോജനപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | കോവിഡ് 19 ബാധിത പ്രദേശങ്ങളിലെ സർക്കാർ നിശ്ചയിച്ചിട്ടുള്ള പൊതുജനാരോഗ്യ പരിപാലന കേന്ദ്രങ്ങളിലേക്ക് സർക്കാരിന്റെ പ്രതിരോധ ചികിത്സ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ആരോഗ്യ വകുപ്പിന്റെ ആവശ്യ പ്രകാരം സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി വെന്റിലേറ്റർ, ടെസ്റ്റിംഗ് കിറ്റുകൾ തുടങ്ങി ദീർഘകാല ഉപയോഗമില്ലാത്ത പ്രതിരോധ ചികിത്സ സാമഗ്രികളും ആശുപത്രി ഉപകരണങ്ങളും കൂടി കേരളം മെഡിക്കൽ സെർവിസ്സ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങി ഉപയോഗിക്കുന്നതിനു ബഹു എം.എൽ.എ മാരുടെ ശുപാർശ പ്രകാരം പ്രാദേശിക വികസന, ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിനു സ.ഉ (സാധാ) നം.2716/2020/ധന തീയതി 07/04/2020 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എത്ര രൂപയാണ് ഓരോ എം.എൽ.എ. മാരുടെയും ഫണ്ടിൽ നിന്നും ഈ പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്നത്; | (ബി) | പ്രതിവർഷം 5 കോടി രൂപ വീതമുള്ള ആസ്തി വികസന ഫണ്ടിൽ നിന്ന് 4 കോടി രൂപ വീതം ഇതിനായി മാറ്റി വയ്ക്കുന്നു. 2021 ജൂൺ 4-ആം തീയതി അവതരിപ്പിച്ച 2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗം ഖണ്ഡിക 21-ൽ പ്രഖ്യാപിച്ചിരുന്ന, എം. എൽ. എ. മാരുടെ വികസന ഫണ്ടിൽ നിന്നും പണം കണ്ടെത്തി എല്ലാ സിഎച്ച്സി, താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും പകർച്ചവ്യാധികൾക്കായി 10 ബെഡ്ഡുകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു എന്ന പദ്ധതിയിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഇപ്രകാരം സ്വരൂപിക്കുന്ന ഫണ്ട് എപ്രകാരം ചെലവഴിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; | (സി) | പ്രതിവർഷം 5 കോടി രൂപ വീതമുള്ള ആസ്തി വികസന ഫണ്ടിൽ നിന്ന് 4 കോടി രൂപ വീതം ഇതിനായി മാറ്റി വയ്ക്കുന്നു. 2021 ജൂൺ 4-ആം തീയതി അവതരിപ്പിച്ച 2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗം ഖണ്ഡിക 21-ൽ പ്രഖ്യാപിച്ചിരുന്ന, എം. |

| | | | |
|---|---|---|---|
| | | | എൽ. എ. മാരുടെ വികസന ഫണ്ടിൽ നിന്നും പണം കണ്ടെത്തി എല്ലാ സിഎച്ച്സി, താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും പകർച്ചവ്യാധികൾക്കായി 10 ബെഡ്ഡുകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു എന്ന പദ്ധതിയിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനങ്ങൾ ഏർപ്പെടുത്തുമോ? | (ഡി) | ഐസലേഷൻ വാർഡ് എവിടെയെന്നത് എം.എൽ.എ. യുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് തീരുമാനിക്കും. |

സെക്ഷൻ ഓഫീസർ